I ഇ.ബി. XV -  കേരള നിയമസഭ/VIII-12

# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 മാർച്ച് 2, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. **പ്രമേയം**

കാര്യോപദേശക സമിതി റിപ്പോർട്ടിൽ ഭേദഗതി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): "കാര്യോപദേശക സമിതിയുടെ 9-ാമത് റിപ്പോർട്ടിൽ ഭാഗികമായി ഭേദഗതി വരുത്തിക്കൊണ്ട് 2023 മാർച്ച് 8-ാം തീയതി ബുധനാഴ്ചയിലെ സമ്മേളനം ഒഴിവാക്കാനും അന്നേ ദിവസം സഭ പരിഗണിക്കാനിരുന്ന ധനാഭ്യർത്ഥനകൾ മാർച്ച് 21, 22 എന്നീ തീയതികളിൽ പരിഗണിക്കാനും തീരുമാനിക്കുന്നു." എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

## II. പ്രത്യേക പരാമർശം

### സഭാനടപടികൾ തെറ്റായി വ്യാഖ്യാനിക്കൽ

മി. സ്പീക്കർ: സഭാനടപടികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചെയർ എടുക്കുന്ന തീരുമാനങ്ങൾ തെറ്റായി വ്യാഖ്യാനിക്കുന്ന പ്രസ്താവനകളും പത്ര വാർത്തകളും കഴിഞ്ഞ ദിവസങ്ങളിൽ ഉയർന്നുവന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഭരണഘടനയിലെയും സഭയുടെ നടപടി ചട്ടങ്ങളിലെയും ബന്ധപ്പെട്ട വ്യവസ്ഥകളും സഭയുടെ കീഴ്വഴക്കങ്ങളും പാലിച്ചുകൊണ്ടാണ് സമ്മേളനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അതത് ദിവസത്തെ കാര്യപരിപാടികളും ബിസിനസ്സുകളും തീരുമാനിക്കുന്നതും നടപ്പാക്കുന്നതും. വസ്തുതാപരമല്ലാത്ത തരത്തിൽ കാര്യങ്ങളെ വ്യഖ്യാനിക്കുന്നതും സഭയിൽ ഉന്നയിക്കപ്പെടുന്നതിനുമുമ്പ് തന്നെ റൂൾ 50 നോട്ടീസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ സംബന്ധിച്ച വിശദാംശം വാർത്താ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്ന പ്രവണതയും അങ്ങേയറ്റം ഖേദകരവും പാർലമെന്ററി മര്യാദകളുടെ ലംഘനവുമാണ്.

## III. അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: ഇന്നത്തെ റൂൾ 50 പ്രകാരമുള്ള അടിയന്തരപ്രമേയ നോട്ടീസ് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പൂർണ്ണവേതനം നൽകാത്തത് സംബന്ധിച്ചുള്ളതും ഇന്നത്തെ ചോദ്യോത്തരവേളയിൽ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 272 ആയി സഭയിൽ വിശദമായി ചർച്ച ചെയ്തിട്ടുള്ളതും അതുസംബന്ധിച്ച നാനാവശങ്ങൾ വിശദീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. കൂടാതെ ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ് ഈ മാസം 6-ാം തീയതി അന്തിമ വിധിക്കായി പോസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ ചട്ടം 52(7)-ൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹു. സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## IV. ശ്രദ്ധ ക്ഷണിക്കൽ

### കുടിവെള്ള ലഭ്യത ഉറപ്പുവരുത്തൽ

ശ്രീ. വി. കെ. പ്രശാന്ത്: വേനൽ കടുത്തുവരുന്ന സാഹചര്യത്തിൽ നിലവിലുള്ള കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കാനും പൈപ്പ് പൊട്ടി വെള്ളം പാഴാകുന്നത് ഒഴിവാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. കുടിവെള്ള സ്രോതസ്സുകളെക്കുറിച്ച് കൃത്യമായ പഠനം നടത്തുകയും ഡാമുകളുടെയും റിസർവ്വോയറുകളുടെയും സംഭരണശേഷി വർദ്ധിപ്പിക്കാനാവശ്യമായ ഇടപെടൽ നടത്തുകയും വേനൽ മഴയിലൂടെ ലഭിക്കുന്ന വെള്ളം പരമാവധി ശേഖരിച്ച് ഉപയോഗിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം. വാട്ടർ അതോറിറ്റിയുടെ കണക്ഷനുകളില്ലാത്ത സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണം, റവന്യൂ വകുപ്പുകളുമായി യോജിച്ച് കുടിവെള്ളക്ഷാമം നേരിടുന്നതിന് പദ്ധതി തയ്യാറാക്കുന്നതിനും അവലോകന യോഗങ്ങൾ ചേരുന്നതിനും മുൻകയ്യെടുക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കാലാവസ്ഥാ വ്യതിയാനവും മഴയുടെ ലഭ്യതക്കുറവും കുടിവെള്ള വിതരണ രംഗത്ത് വെല്ലുവിളി നേരിടുന്ന സാഹചര്യത്തിൽ എല്ലാ ജില്ലകളിലെയും നിലവിലെ

സ്ഥിതി വിലയിരുത്താനും അതിനനുസൃതമായി വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന പശ്ചാത്തലത്തിൽ തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളുമായി ജോയിന്റ് മീറ്റിംഗുകൾ നടത്തുകയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. മെയിന്റനൻസ് വർക്കുകൾ വേഗത്തിലാക്കുന്നതിന് എല്ലാ ഡിവിഷനുകൾക്കും മുൻകൂറായി തുക നൽകുന്നതിന് വാട്ടർ അതോറിറ്റിയുടെ ഫിനാൻസ് മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

## V. സബ്മിഷൻ

### (1) <u>തുണ്ടുഭൂമികളുടെ തരംമാറ്റൽ</u>

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: കേരള ഭൂപരിഷ്കരണ നിയമപ്രകാരം ഇളവുലഭിച്ച തോട്ടഭൂമിയിൽനിന്നും മുറിച്ചുവിറ്റ തുണ്ടുഭൂമികളുടെ തരംമാറ്റൽ നടപടിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കണം.

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): കേരള

ഭൂപരിഷ്കരണ നിയമപ്രകാരം ഇളവുലഭിച്ച തോട്ടഭൂമിയിൽനിന്നും മുറിച്ചുവിറ്റ ഭൂമിയുടെ ഇനം തോട്ടമെന്ന് റവന്യൂ രേഖകളിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തുന്നതിന് അതത് ഭൂരേഖ തഹസിൽദാർമാർക്ക് അധികാരം നൽകിയിട്ടുള്ളതും ഇക്കാര്യത്തിൽ ലഭിച്ച അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ബി.റ്റി.ആർ.-ൽ 'തോട്ടം' എന്ന് രേഖപ്പെടുത്തിയിരിക്കുന്ന ഭൂമിയിൽ കെട്ടിട പെർമിറ്റ്, വൈദ്യുതി-വാട്ടർ കണക്ഷൻ എന്നിവ അനുവദിക്കരുതെന്ന് രേഖപ്പെടുത്തി കോട്ടയം ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവിലെ അവ്യക്തതകൾക്ക് സ്പഷ്ടീകരണം നൽകാൻ തീരുമാനിക്കുകയും ഇതുസംബന്ധിച്ച് നടപടി സ്വീകരിക്കാൻ ലാൻഡ് ബോർഡിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കേരള ഭൂപരിഷ്കരണ നിയമപ്രകാരം ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് ലാൻഡ് ബോർഡ് സമർപ്പിച്ച കരട് സർക്കുലറിലെ വ്യവസ്ഥകളിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ലഭിച്ചതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) <u>കയ്പമംഗലം തീരപ്രദേശത്ത് ടെട്രോപോഡ് നിർമ്മാണം</u>

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: കയ്പമംഗലം തീരപ്രദേശത്തെ ഹോട്ട്സ്പോട്ട് ഉൾപ്പെട്ട പ്രദേശത്ത് ടെട്രോപോഡ് നിർമ്മിക്കുന്നതിന് നടപടി

സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കയ്യമംഗലം തീരപ്രദേശത്തെ എറിയാട്, എടവിലങ്ങാട് പഞ്ചായത്തുകളിലെ ടെട്രോപോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് എൻ.സി.സി.ആർ.-ന്റെ പഠന റിപ്പോർട്ട് ലഭിച്ചാലുടൻ ഡി.പി.ആർ. തയ്യാറാക്കി പ്രവൃത്തി ആരംഭിക്കാവുന്നതാണ്. പഠന റിപ്പോർട്ട് ലഭിക്കാൻ കാലതാമസം നേരിടുകയാണെങ്കിൽ പ്രസ്തുത സ്ഥലത്തെ സംരക്ഷണ പ്രവൃത്തികൾക്ക് ആവശ്യമായ തുക അനുവദിക്കുന്നതാണ്.

## (3) പയ്യന്നൂർ ഗവൺമെന്റ് വനിത റസിഡൻഷ്യൽ പോളിടെക്നിക്കിന്റെ പ്രവർത്തനം

ശ്രീ. ടി. ഐ. മധുസൂദനൻ: പയ്യന്നൂർ ഗവൺമെന്റ് വനിത റസിഡൻഷ്യൽ പോളിടെക്നിക്കിൽ പുതുതലമുറ കോഴ്സുകൾ അനുവദിക്കുന്നതിനും 50 ശതമാനം സീറ്റുകൾ വനിതകൾക്ക് നിലനിർത്തി ജനറൽ പോളിടെക്നിക്ക് കോളേജാക്കി മാറ്റുന്നതിനും നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): പയ്യന്നൂർ വനിത റസിഡൻഷ്യൽ പോളിടെക്നിക്കിൽ നിലവിലുള്ള ഡിപ്ലോമ കോഴ്സുകളുടെ 50 ശതമാനം സീറ്റുകൾ വനിതകൾക്ക് നിലനിർത്തി

എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരത്തിന് വിധേയമായി ജനറൽ പോളിടെക്നിക്കാക്കി മാറ്റുന്ന കാര്യം പരിശോധിക്കുന്നതാണ്. പരമ്പരാഗത കോഴ്സുകൾ അനുവദിക്കുന്നതിന് എ.ഐ.സി.റ്റി.ഇ. മൊറട്ടോറിയം ഏർപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ സ്ഥാപനത്തിന്റെ ഉന്നമനത്തിനായുള്ള പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

(4) എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജിയുടെ നവീകരണം

ശ്രീ. ഐ. ബി. സതീഷ്: എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ കീഴിൽ തിരുവനന്തപുരം എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമെൻ, കാസർഗോഡ് എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നിവയും പരപ്പനങ്ങാടിയിൽ ഒരു മോഡൽ ഡിഗ്രി കോളേജും ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനും ഗവേഷണത്തിനുമായി സെന്റർ ഫോർ എക്സലൻസ് ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് എന്ന സ്ഥാപനവും കൂടാതെ 5

റീജിയണൽ സെന്ററുകളും 18 സബ്സെന്ററുകളും പ്രവർത്തിച്ചുവരുന്നു. എൽ.ബി.എസ്. വനിത എഞ്ചിനീയറിംഗ് കോളേജ്, കാസർഗോഡ് എഞ്ചിനീയറിംഗ് കോളേജ് എന്നിവ പ്രതിവർഷം നാലുകോടി രൂപ വീതവും മോഡൽ ഡിഗ്രി കോളേജ് 35 ലക്ഷം രൂപയുടെയും ബാധ്യത വരുത്തുന്നുണ്ട്. ഈ പ്രതിസന്ധി കണക്കിലെടുത്ത് റോബോട്ടിക്സ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റ അനലറ്റിക്സ് തുടങ്ങി 40-ൽപ്പരം നൂതന കോഴ്സുകൾക്ക് എൽ.ബി.എസ്. രൂപംനൽകുകയും ആയത് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എൽ.ബി.എസ്. ഫ്രാഞ്ചൈസി എന്ന പദ്ധതി നടപ്പിലാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുമാണ്. പൂജപ്പുര വനിത എഞ്ചിനീയറിംഗ് കോളേജിൽ മോട്ടോർ വെഹിക്കിൾ സേവനാധിഷ്ഠിത കേന്ദ്രവും കാസർഗോഡ് എഞ്ചിനീയറിംഗ് കോളേജിൽ അരക്കനട്ട് പ്ലേറ്റ് മേക്കിംഗ് യൂണിറ്റും ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എൽ.ബി.എസ്. സെന്ററിന്റെ സമഗ്രവും കാര്യക്ഷമവുമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനുള്ള നൂതനപദ്ധതികൾ ആവിഷ്കരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

(5) <u>തിരുവനന്തപുരം മൃഗശാലയിൽ പകർച്ചവ്യാധിമൂലമുള്ള മൃഗങ്ങളുടെ മരണം</u>

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: തിരുവനന്തപുരം മൃഗശാലയിൽ

പകർച്ചവ്യാധിമൂലം മൃഗങ്ങൾ മരണപ്പെടുന്നതുമായി ബന്ധപ്പെട്ട ആശങ്ക ദൂരീകരിക്കുന്നതിനും ജന്തുജന്യരോഗങ്ങൾ തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും പാലോട് മൃഗസംരക്ഷണ പഠന കേന്ദ്രം സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): തിരുവനന്തപുരം മൃഗശാലയിൽ മരണപ്പെട്ട മൃഗങ്ങൾക്ക് ക്ഷയരോഗബാധ സ്ഥിരീകരിച്ചതിനെത്തുടർന്ന് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസസ് സമർപ്പിച്ച റിപ്പോർട്ടിലെ കണ്ടെത്തലുകളും മറ്റ് ശിപാർശകളും സർക്കാർ പരിശോധിച്ചുവരുന്നു. രോഗബാധയുണ്ടായ കൂടുകളിലെ മാലിന്യങ്ങൾ മറ്റ് കൂടുകളിലേയ്ക്ക് വ്യാപിക്കുന്നത് തടയുന്നതിന് പ്രത്യേക ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തുകയും എല്ലാ കൂടുകളും ദിവസേന അണുനശീകരണം നടത്തുകയും മൃഗങ്ങളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും ബാക്ടീരിയൽ ഇൻഫെക്ഷൻ തടയുന്നതിനുമായി മരുന്നുകൾ നൽകിവരികയും ചെയ്യുന്നു. ജീവനക്കാർ മാസ്ക്, ഗ്ലൗസ്, ഗംബൂട്ട് എന്നിവ ധരിച്ചുമാത്രം ജോലി നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ജില്ലാ ക്ഷയരോഗ നിവാരണ കേന്ദ്രം മുഖേന മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ

ഡിസീസസിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്. അസുഖബാധിതരായ മൃഗങ്ങളെ പാർപ്പിച്ചിരിക്കുന്ന പരിബന്ധനങ്ങളിൽ പോകുന്ന ജീവനക്കാരെ മറ്റ് മൃഗങ്ങളെ പരിപാലിക്കാൻ നിയോഗിക്കുന്നതല്ല. സന്ദർശകർ മൃഗങ്ങളുമായി അടുത്ത് പെരുമാറാനുള്ള സാഹചര്യം ഒഴിവാക്കാൻ സ്റ്റാൻഡേർഡ് ഓഫ് ബാരിയർ സ്ഥാപിച്ചിട്ടുള്ളതും സന്ദർശകർക്ക് മുഖാവരണം നിർബന്ധമാക്കിയിട്ടുള്ളതുമാണ്. നിലവിൽ മരണനിരക്ക് കുറഞ്ഞിട്ടുള്ളതും സ്ഥിതിഗതികൾ നിയന്ത്രണവിധേയവുമാണ്.

(6) വഖഫ് ബോർഡ് ഭൂമിയിലുള്ള സ്കൂളുകളുടെ നവീകരണം

ശ്രീ. കെ. വി. സുമേഷ്: വഖഫ് ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): 2019-ലെ വഖഫ് ചട്ടം 81 പ്രകാരം വഖഫ് വസ്തുവിൽ ഏതെങ്കിലും വിധത്തിൽ മാറ്റം വരുത്തുന്നതിന് ബോർഡിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. വഖഫ് വസ്തുവിൽ പ്രവർത്തിക്കുന്ന സ്കൂൾ കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾ സർക്കാർ ഫണ്ടുപയോഗിച്ച് നടത്തുന്നതിന് വഖഫ് ചട്ടപ്രകാരമുള്ള മുൻകൂർ അനുമതി ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(സർവ്വശ്രീ പി. അബ്ദുൽ ഹമീദ്, സി. ആർ. മഹേഷ്, എം. വിൻസെന്റ്, എൽദോസ് പി. കുന്നപ്പിള്ളിൽ എന്നീ പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷനുകൾ അവതരിപ്പിച്ചില്ല.)

## VI. റിപ്പോർട്ടുകളുടെ സമർപ്പണം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ടും അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ടും സമർപ്പിച്ചു.

## VII. ധനകാര്യം

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത്
(4344,26,01,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLII - വിനോദസഞ്ചാരം
(428,83,00,000 രൂപ)

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന

പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ
(142,80,04,000 രൂപ)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.)

(അടിയന്തരപ്രമേയനോട്ടീസിന് അനുമതി നിഷേധിച്ച സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷമൊന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.)

<u>ശ്രീ. ഐ. ബി. സതീഷ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തെ നവകേരളമാക്കി മാറ്റുന്നതിൽ പൊതുമരാമത്ത്, തുറമുഖം, ടൂറിസം എന്നീ വകുപ്പുകൾ വഹിച്ച പങ്ക് ശ്ലാഘനീയമാണ്. മലയോര/തീരദേശ ഹൈവേകളുടെ നിർമ്മാണപ്രവൃത്തികൾക്ക് തുടക്കംകുറിച്ചും പശ്ചാത്തല സൗകര്യങ്ങളൊരുക്കിയും റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തിയും കേരളത്തെ വികസിതരാജ്യങ്ങൾക്കൊപ്പം എത്തിക്കുന്നതിനുള്ള ശ്രമമാണ് നടത്തിവരുന്നത്. തിരുവനന്തപുരം ജില്ലയിൽ ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനും വിളപ്പിൽശാലയിൽ സാങ്കേതിക സർവ്വകലാശാല തുടങ്ങുന്നതിനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. കോവിഡിനെത്തുടർന്ന് പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയെ പൂർവ്വ സ്ഥിതിയിലെത്തിക്കാൻ ഫാം/കാരവൻ ടൂറിസമുൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയ ടൂറിസം വകുപ്പ് അഭിനന്ദനമർഹിക്കുന്നു.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ജനദ്രോഹ നടപടികളെ വിമർശിക്കാൻ തയ്യാറാകാത്ത പ്രതിപക്ഷം വ്യാജപ്രചരണങ്ങളും വിവാദങ്ങളും സൃഷ്ടിച്ച് സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങൾക്ക് തുരങ്കം വയ്ക്കുന്ന നിലപാട് അപലപനീയമാണ്.

പൊതുമരാമത്ത് വകുപ്പ് PRICE (Project Information and Cost Estimation) സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ സാധാരണക്കാർക്ക് പ്രാപ്യമാകുന്ന തരത്തിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകതകൾക്ക് കരാറുകാരോടൊപ്പം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിക്കണം. ദേശീയപാതയോട് ചേർന്ന് വീടുകൾ നിർമ്മിക്കുന്നതിന് പ്രത്യേകാനുമതി വേണമെന്ന എൻ.എച്ച്.എ.ഐ.-യുടെ വ്യവസ്ഥ സംബന്ധിച്ച് പരിശോധിക്കണം. കയ്പമംഗലം മണ്ഡലത്തിലെ ടെട്രോപോഡുകളുടെ നിർമ്മാണം ത്വരിതപ്പെടുത്താനും മിനി ഹാർബറിന്റെ നിർമ്മാണം പൂർത്തിയാക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. എസ്. അരുൺകുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നഗര-ഗ്രാമ വ്യത്യാസമില്ലാതെ വികസനം അതിവേഗം നടപ്പിലാക്കിയതും റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിയതും 2025-ഓടുകൂടി തലപ്പാടി മുതൽ കളിയിക്കാവിളവരെ ആറുവരി ദേശീയപാത പൂർത്തീകരിക്കുമെന്ന് പ്രഖ്യാപിച്ചതും റോഡ് നിർമ്മാണത്തിൽ നൂതന സാങ്കേതിക വിദ്യകൾ പരീക്ഷിച്ചതും അഭിമാനാർഹമാണ്. റണ്ണിംഗ്

കോൺട്രാക്ടിലുൾപ്പെടുത്തി റോഡുകളുടെ പരിപാലനം ഉറപ്പാക്കുന്നതും പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകൾ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തതും മാതൃകാപരമാണ്. പാലങ്ങളുടെ നവീകരണവും സൗന്ദര്യവൽക്കരണവും സംസ്ഥാനത്തെ ഡിസൈൻ ഹബ്ബാക്കി മാറ്റാനുള്ള പരിശ്രമവും അഭിനന്ദനീയമാണ്. വിവിധ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കാൻ സാധിച്ചത് വിനോദസഞ്ചാര വകുപ്പിന്റെ നേട്ടമാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. റോഡുകളുടെ ശാസ്ത്രീയമായ പരിപാലനവും ആധുനികവത്കരണവുമാണ് നടന്നുകൊണ്ടിരിക്കുന്നത്. റോഡ് വികസനത്തിനായി 8957 കോടി രൂപയുടെ ഭരണാനുമതി നൽകിയതും 3285 കി.മീ. റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്കുയർത്തിയതും ചരിത്രനേട്ടമാണ്. പ്ലാസ്റ്റിക്/ലാറ്റക്സ് ഉപയോഗിച്ചുള്ള ബിറ്റുമിൻ നിർമ്മാണവും റോഡുകളുടെ ശാസ്ത്രീയ സർവ്വേയും പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കി പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്ന നടപടിയും ശ്രദ്ധേയമാണ്. കോമ്പോസിറ്റ് ടെണ്ടർ നടപ്പിലാക്കിയതും ഡിസ്ട്രിക്ട് ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി

രൂപീകരിച്ചതും അഭിമാനാർഹമാണ്. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ കർശനനടപടി സ്വീകരിക്കണം. ടീ കമ്മിറ്റിയിൽ പി.ഡബ്ല്യു.ഡി.-യുടെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. കാഞ്ഞിരപ്പള്ളി ടൂറിസ്റ്റ് ബംഗ്ലാവിന് പുതിയ കെട്ടിടം അനുവദിക്കുന്നതിനും അരുവിക്കുഴി ടൂറിസം പ്രോജക്ടിന്റെ മൂന്നാംഘട്ട പ്രവർത്തനം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. രാജ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 2022-ലെ ടൈം മാഗസിനും 2023-ലെ ന്യൂയോർക്ക് ടൈംസും പുറത്തിറക്കിയ വിനോദസഞ്ചാരികൾ കണ്ടിരിക്കേണ്ട സ്ഥലങ്ങളുടെ പട്ടികയിൽ കേരളത്തെ ഉൾപ്പെടുത്തിയത് സംസ്ഥാനത്തെ ജനകീയ ടൂറിസത്തിന് ലഭിച്ച അംഗീകാരമാണ്. ആഭ്യന്തര-വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വൻവർദ്ധനവാണുണ്ടായിരിക്കുന്നത്. മൂന്നാർ-ചിന്നക്കനാൽ ഗ്യാപ് റോഡിൽ അഡ്വഞ്ചർ പാർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയും ആരംഭിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ഇടുക്കിപോലുള്ള ജില്ലകളിലെ തോട്ടങ്ങളിലുംകൂടി കാരവൻ പാർക്ക് ആരംഭിച്ച് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾവഴി ലൈസൻസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. 'സ്ട്രീറ്റ്' പദ്ധതിയിൽ കാന്തല്ലൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തിയതും ടൂറിസം ഡെസ്റ്റിനേഷനുകളിൽ മുതിർന്ന പൗരന്മാർക്ക് പ്രവേശന ഫീസ് ഇനത്തിൽ 50 ശതമാനംവരെ ഇളവ് നൽകിയതും സ്വാഗതാർഹമാണ്. ദേവികുളം നിയോജകമണ്ഡലത്തിൽ പൈതൃക ഗ്രാമം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. വെർച്വൽ ട്രാവൽ ഗൈഡ് ആരംഭിച്ചതും നവീകരിച്ച ടൂറിസം ആപ്പ് തയ്യാറാക്കിയതും സ്വാഗതാർഹമാണ്. കലാലയങ്ങളിൽ ടൂറിസം ക്ലബ്ബുകൾ രൂപീകരിച്ച് ടൂറിസം ഡെസ്റ്റിനേഷനുകൾ പരിപാലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നെല്ല്, തേയില, കാപ്പി, കുരുമുളക് തുടങ്ങിയ കാർഷികവിളകളെക്കൂടി ഉൾപ്പെടുത്തി ഫാം ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മൂന്നാർ ട്രെയിൻ സർവ്വീസ് പുനഃസ്ഥാപിക്കുന്നതിന് മുൻകയ്യെടുക്കണം. ടൂറിസം ഇടനാഴി പദ്ധതിയുടെ രണ്ടാംഘട്ട വികസനത്തിനായി 50 കോടി രൂപ വകയിരുത്തിയത് സ്വാഗതാർഹമാണ്. മൂന്നാറിൽ വാഹനപാർക്കിംഗിനുള്ള സൗകര്യമൊരുക്കുന്നതോടൊപ്പം അടിസ്ഥാന സൗകര്യങ്ങളും റോഡുകളും മെച്ചപ്പെടുത്തുകയും ചെയ്യണം. മൂന്നാർ നഗരം വികസിപ്പിക്കുന്നതിനും ആലുവ-മൂന്നാർ റോഡ് യാഥാർത്ഥ്യമാക്കുന്നതിനും

മൂന്നാർ-കൊടൈക്കനാൽ യാത്ര സുഗമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ആൻസലൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കുതിരാൻ ടണലും കഴക്കൂട്ടം മേൽപ്പാലവും സമയബന്ധിതമായി പൂർത്തീകരിച്ചതും റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിലേയ്ക്കുയർത്താൻ സാധിച്ചതും അഭിനന്ദനാർഹമാണ്. കരമന-കളിയിക്കാവിള ദേശീയപാതയുമായി ബന്ധപ്പെട്ട് ബാലരാമപുരം-വിഴിഞ്ഞം അണ്ടർപാസ് നിർമ്മാണത്തിന് 113 കോടി രൂപ അനുവദിച്ചത് സ്വാഗതാർഹമാണ്. വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ശേഷിക്കുന്ന 17 കി.മീ. ഭൂമിയേറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിനും തീരദേശപാതയുടെ ഡിസൈനിൽ പൊഴിയൂർ മുതൽ കൊല്ലങ്കോട് വരെയുള്ള ഭാഗം ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം. പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിച്ചും പ്രയോറിറ്റി നിശ്ചയിച്ചും പ്രവൃത്തികൾ പൂർത്തീകരിക്കാനാവശ്യമായ ഇടപെടൽ നടത്തണം. പിൽഗ്രിം ടൂറിസം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണം.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമരാമത്ത്-ടൂറിസം മേഖലകളിൽ വികസനോന്മുഖമായ

പ്രവർത്തനങ്ങളിലൂടെ അഭൂതപൂർവ്വമായ മുന്നേറ്റമാണ് സർക്കാർ നടത്തുന്നത്. വികസനപ്രവർത്തനങ്ങൾ സമയോചിതമായി പൂർത്തീകരിക്കുന്നതിനായി ഉദ്യോഗസ്ഥതലത്തിലും കോൺട്രാക്ടർമാരുടെ പ്രവർത്തനരംഗത്തും മാറ്റങ്ങൾ വരുത്തണം. വികസനപ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്ന ജനദ്രോഹ നിലപാടുകളിൽനിന്ന് പ്രതിപക്ഷം പിന്മാറണം. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന തടസ്സങ്ങൾ നീക്കുന്നതിന് ഭരണപരവും നിയമപരവുമായ നടപടി സ്വീകരിക്കുകയും അഴീക്കൽ ഉൾപ്പെടെയുള്ള തുറമുഖങ്ങളുടെ വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും ചെയ്യണം.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 'സാഗർമാല' പദ്ധതി വിഹിതത്തിൽ കാലോചിതമായ മാറ്റം വരുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. കേരളത്തിലെ തുറമുഖങ്ങൾ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും തീരദേശ കപ്പൽ സർവ്വീസ് പുനരാരംഭിക്കുന്നതിനും വൈപ്പിൻകരയിൽ ഇൻഡസ്ട്രിയൽ പോർട്ട് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. ദേശീയ പാത 66-ന്റെ വിപുലീകരണം 2025-ഓടെ പൂർത്തീകരിക്കുമെന്ന പ്രഖ്യാപനവും ഫോർട്ട് കൊച്ചി, വൈപ്പിൻ എന്നിവിടങ്ങളെ തീരദേശ പാതയുമായി

ബന്ധിപ്പിക്കുന്ന തുരങ്കപാത/എലവേറ്റഡ് ഹൈവേ നിർമ്മാണത്തിന് സാധ്യതാപഠനം നടത്താനുള്ള തീരുമാനവും സ്വാഗതാർഹമാണ്. അഴീക്കോട്-മുനമ്പം പാലത്തിന്റെ നിർമ്മാണപ്രവൃത്തികൾ വേഗത്തിലാക്കുകയും ഗോശ്രീ പാലത്തിന് സമാന്തരമായി രണ്ട് പുതിയ പാലങ്ങൾ രൂപകൽപ്പന ചെയ്യുകയും വൈപ്പിൻ-പള്ളിപ്പുറം റോഡിന് സമാന്തരമായി 25 കി.മീ. കായൽ റോഡ് നിർമ്മിക്കുകയും ചെയ്യണം. വിനോദസഞ്ചാര മേഖലയിൽ നിരവധി അവാർഡുകൾ കരസ്ഥമാക്കാനും വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കാനും കഴിഞ്ഞത് അഭിമാനാർഹമാണ്. മുസിരിസ് പൈതൃക ടൂറിസം പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും ഹെർബൽ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പദ്ധതികളാവിഷ്കരിക്കുന്നതിനും ഫെസ്റ്റിവൽ ഡയറക്ടറി തയ്യാറാക്കുന്നതിനും കൊച്ചിയിൽ വാട്ടർ ഒളിമ്പിക്സ് സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. സി. മുകുന്ദൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൃപ്രയാർ-പെരുവനം-ചേർപ്പ്-കൂടൽമാണിക്യം ക്ഷേത്രങ്ങൾ ബന്ധപ്പെടുത്തി പിൽഗ്രിം ടൂറിസം പദ്ധതി ആരംഭിക്കുന്നതിനും നാട്ടിക ബീച്ച് ടൂറിസം പദ്ധതി പുനരാരംഭിക്കുന്നതിനും കാലവർഷക്കെടുതിയിലും മറ്റും നാശനഷ്ടം

സംഭവിച്ച റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിനും പൊതുമരാമത്ത് എഞ്ചിനീയറിംഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിനും നിർമ്മാണപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം. കിഫ്ബി മുഖാന്തരം കൂടുതൽ പ്രവൃത്തികൾ ചെയ്യത്തക്കവിധത്തിൽ റോഡിന്റെ അളവിൽ മാറ്റം വരുത്തണം. സംസ്ഥാന സർക്കാർ തീരദേശ ഹൈവേയുടെ വികസനത്തിനാവശ്യമായ തുക അനുവദിച്ചുകൊണ്ട് തീരദേശ മേഖലയ്ക്ക് പുതുജീവൻ നൽകിയിരിക്കുകയാണ്. ഏറ്റെടുത്ത ഭൂമിക്ക് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിനുള്ള ശ്രമങ്ങളും തീരദേശ ജനതയുടെ വീടുകൾ, സ്ഥാപനങ്ങൾ എന്നിവ പരമാവധി നഷ്ടപ്പെടാതെ അലൈൻമെന്റ് തയ്യാറാക്കിയതും സ്വാഗതാർഹമാണ്.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗാർഹിക-വാണിജ്യ സിലിണ്ടറുകളുടെ വില വർദ്ധിപ്പിച്ച കേന്ദ്ര സർക്കാരിനെതിരെ പ്രതിഷേധിക്കാൻ തയ്യാറാകാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്. പ്രവൃത്തികൾക്ക് സമയബന്ധിതമായി അനുമതി നൽകിയും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഗുണമേന്മ ഉറപ്പുവരുത്തിക്കൊണ്ടും ജനകീയമായി മുന്നോട്ടുപോകുന്ന പൊതുമരാമത്ത് വകുപ്പിനെ അഭിനന്ദിക്കുന്നു. റണ്ണിംഗ് കോൺട്രാക്ടുൾപ്പെടെയുള്ള

സംവിധാനമേർപ്പെടുത്തിയും ഡി.എൽ.പി. ബോർഡുകൾ സ്ഥാപിച്ചും റോഡ് വികസനത്തിനനുയോജ്യമായ പുതിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിയുമുള്ള പദ്ധതികളാണ് സംസ്ഥാനത്തുടനീളം നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. 2025-ഓടുകൂടി ദേശീയപാതാവികസനം സാധ്യമാക്കാനുള്ള ഇടപെടൽ നടന്നുകൊണ്ടിരിക്കുകയാണ്. എല്ലാ പഞ്ചായത്തുകളിലും ടൂറിസം കേന്ദ്രം ആരംഭിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. കാരവൻ ടൂറിസം, നൈറ്റ് ലൈഫ് ടൂറിസം, സ്ത്രീസൗഹൃദ ടൂറിസം തുടങ്ങിയ പദ്ധതികൾ ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ ഗവി ഉൾപ്പെടെയുള്ള സ്ഥലങ്ങൾ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന തരത്തിലാക്കാൻ സാധിച്ചിട്ടുണ്ട്. വിദേശ ടൂറിസ്റ്റുകളെ കേരളത്തിലെത്തിക്കുന്നതിനായുള്ള ടൂറിസം വകുപ്പിന്റെ ഇടപെടൽ ശ്രദ്ധേയമാണ്. വിഴിഞ്ഞം ഉൾപ്പെടെയുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള തുറമുഖ വകുപ്പിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ധനാഭ്യർത്ഥന ചർച്ചയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ക്രിയാത്മകമായ നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. കേരളത്തിന്റെ

പശ്ചാത്തല വികസനത്തിനും പൊതുവികസന കുതിപ്പിനും തടയിടാനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് പശ്ചാത്തല വികസന മേഖലയിലും ടൂറിസം മേഖലയിലും സമഗ്ര പുരോഗതി സാധ്യമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാത 2025-ഓടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇൻഡ്യയിലാദ്യമായി ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് പണം ചെലവഴിച്ചത് കേരള സർക്കാരാണ്. 1200-ഓളം കി.മീറ്റർ വരുന്ന മലയോര ഹൈവേ പൂർത്തീകരിക്കുന്നതോടുകൂടി കാർഷിക-ടൂറിസം മേഖലകളിൽ മികച്ച നേട്ടം കൈവരിക്കാൻ സാധിക്കും. തീരദേശപാത യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. തീരദേശ/മലയോര ഹൈവേകളുടെ പ്രവൃത്തി വകുപ്പുതലത്തിലും മുഖ്യമന്ത്രി/മന്ത്രിമാർ തലത്തിലും അവലോകന യോഗങ്ങൾ നടത്തി വിലയിരുത്തുന്നുണ്ട്. ലെവൽ ക്രോസില്ലാത്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 13 റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. റോഡുകളുടെ ശോചനീയാവസ്ഥയ്ക്ക് കാരണമാകുന്ന തരത്തിൽ ക്രമക്കേടുകൾ

കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നിലപാട് സ്വീകരിക്കുന്നതാണ്. കേരളത്തിലെ പൊതുമരാമത്ത് റോഡുകളുടെ പരിപാലനത്തിനായി Pothole free kerala എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. റണ്ണിംഗ് കോൺട്രാക്ടിന്റെ ഭാഗമായി 7694.25 കി.മീറ്റർ റോഡിന് 153.83 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 20026 കി.മീറ്റർ റോഡുകളുടെ പരിപാലനത്തിനായി 486.11 കോടി രൂപ അനുവദിക്കുകയും പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയുമാണ്. 90 ശതമാനം റോഡുകളും റണ്ണിംഗ് കോൺട്രാക്ടിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെട്ട റോഡുകളിലെ അറ്റകുറ്റപ്പണികൾക്കായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ കിഫ്ബി പദ്ധതി വഴി 2052.34 കോടി രൂപയുടെ 52 പദ്ധതികൾ പൂർത്തീകരിക്കുകയും ദേശീയപാത സ്ഥലമേറ്റെടുക്കലിനുവേണ്ടി 5580.74 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം റോഡുകളെ ബാധിക്കുന്ന പ്രശ്നം പരിഹരിക്കുന്നതിനായി റോഡ് നിർമ്മാണ രീതിയിൽ Full Depth Reclamation (F.D.R.) രീതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രവൃത്തിയിടങ്ങളിൽ തത്സമയ ഗുണനിലവാര പരിശോധന നടത്തുന്ന മൂന്ന് ഓട്ടോമാറ്റഡ് മൊബൈൽ ക്വാളിറ്റി കൺട്രോൾ ടെസ്റ്റിംഗ്

ലാബ് സജ്ജമാക്കുകയും അടുത്ത ആഴ്ച അത് പ്രവൃത്തിയിടങ്ങളിൽ എത്തിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് സാങ്കേതികാനുമതിയും ടെണ്ടർ നടപടിയും വേഗത്തിലാക്കാനുള്ള തീരുമാനമെടുക്കുകയും ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഭാഗമായി 20 ജംഗ്ഷനുകളുടെ വികസനത്തിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ടി.പി. റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി ഡിസൈൻ റോഡുകൾ നിർമ്മിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. നൂറ് പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുമെന്ന വാഗ്ദാനം നിറവേറ്റുന്നതിന്റെ ഭാഗമായി രണ്ടുവർഷത്തിനുള്ളിൽ 50 പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നതോടൊപ്പം പാലങ്ങൾ ദീപാലങ്കാരമാക്കാനും പാലങ്ങൾക്കടിയിലുള്ള സ്ഥലങ്ങളിൽ വയോജന/ചിൽഡ്രൻസ് പാർക്ക്, സ്കേറ്റിംഗ് പ്ലേസ് ഉൾപ്പെടെയുള്ളവ നിർമ്മിക്കാനും ഉദ്ദേശിക്കുന്നു. റെസ്റ്റ് ഹൗസുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും കോമ്പോസിറ്റ് ടെണ്ടർ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടനിർമ്മാണത്തിൽ പ്രീ-ഫാബ് നിർമ്മാണ രീതികൾ വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നു. PWD4U എന്ന ആപ്പ് വഴിയും പൊതുജന പരാതി പരിഹാര സെൽ/റിംഗ് റോഡ് ഫോൺ-ഇൻ പരിപാടി വഴിയും ലഭിച്ച പരാതികളിൽ

ഭൂരിഭാഗവും പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. ലോക ടൂറിസം ഭൂപടത്തിൽ കേരള ടൂറിസം ഇടംപിടിക്കുകയും നിരവധി അംഗീകാരങ്ങൾ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ റെക്കോർഡ് വർദ്ധനയുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ബീച്ച് ടൂറിസവുമായി ബന്ധപ്പെട്ട് കടലോര മേഖലയിലെ ജില്ലകൾക്ക് അനുവദിച്ച ഫ്ലോട്ടിംഗ് ബ്രിഡ്ജ് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. കാരവൻ ടൂറിസത്തിന് അന്തർദേശീയതലത്തിൽ ടൈംസ് ഗ്രൂപ്പിന്റെയും ദേശീയതലത്തിൽ ഇന്ത്യാ ടുഡേ ഗ്രൂപ്പിന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ നൈറ്റ് ലൈഫ് ടൂറിസത്തിന് പശ്ചാത്തലമൊരുക്കാൻ ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ടിൽ ഉൾപ്പെടുത്തി 35-ഓളം പൈതൃക മന്ദിരങ്ങൾ ദീപാലംകൃതമാക്കാനുള്ള നടപടി പുരോഗമിച്ചുവരികയാണ്. സാർവ്വത്രിക ടൂറിസം വികസനത്തിന്റെ ഭാഗമായി തെരഞ്ഞെടുത്ത ഡെസ്റ്റിനേഷനുകളെ ടൂറിസം ഹബ്ബുകളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഹെൽത്ത് ടൂറിസം പ്രചരിപ്പിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 20 ഓപ്പൺ ജിമ്മുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടൂറിസം മേഖലയിലെ വിവിധ നിക്ഷേപ സാധ്യതകളെ പരിചയപ്പെടുത്തുന്നതിനായി ഇന്റർനാഷണൽ ഇൻവെസ്റ്റേഴ്സ് മീറ്റ്

സംഘടിപ്പിക്കുന്നതാണ്. സാഹസിക ടൂറിസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് തിരുവനന്തപുരം ആക്കുളം പാർക്കിൽ സാഹസിക വിനോദകേന്ദ്രം ആരംഭിക്കുകയും രണ്ട് വർഷത്തെ ഇടവേളയ്ക്കുശേഷം മലബാർ റിവർ ഫെസ്റ്റിവൽ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഓണത്തോടനുബന്ധിച്ച് ചാമ്പ്യൻ ബോട്ട് ലീഗ് പുനരാരംഭിക്കാനും മലബാർ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ ഫുഡ് ടൂറിസം നടപ്പിലാക്കുന്നതാണ്. വെർച്വൽ ട്രാവൽ ഗൈഡിന് തുടക്കം കുറിക്കുകയും കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ പരിചയപ്പെടുത്താനുതകുംവിധം കേരള ടൂറിസം മൊബൈൽ ആപ് നവീകരിക്കുകയും സഞ്ചാരികൾക്കാവശ്യമായ വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കാനുതകുന്ന വാട്ട്സ്ആപ് ചാറ്റ്ബോട്ട് 'മായ'-യുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2008-ൽ ആരംഭിച്ച ഉത്തരവാദിത്ത ടൂറിസത്തിന് 14 അന്താരാഷ്ട്ര അവാർഡുകളുൾപ്പെടെ നിരവധി അവാർഡുകൾ കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>): വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

യാഥാർത്ഥ്യമാകുന്നതോടെ ചെറുകിട തുറമുഖങ്ങൾക്ക് തീരദേശ ചരക്ക് കപ്പൽ ഗതാഗതവും തുറമുഖാധിഷ്ഠിത വ്യവസായങ്ങളും വികസിപ്പിക്കാനും തുറമുഖരംഗത്ത് വലിയ രീതിയിൽ മുന്നേറ്റമുണ്ടാക്കാനുമാകും. വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യുന്നതിനായി 1,000 കോടി രൂപ ചെലവഴിക്കുകയും തുടർപ്രവൃത്തികൾ അനുസ്യൂതം തുടരുന്നതുമാണ്. ബേപ്പൂരിൽനിന്നും ലക്ഷദ്വീപിലേയ്ക്കുള്ള ചരക്കുനീക്കം സുഗമമാക്കുന്നതിനാവശ്യമായ ചർച്ച നടത്തും. സാഗർമാല പദ്ധതിയിലുൾപ്പെടുത്തി ബേപ്പൂർ തുറമുഖത്തേയ്ക്കുള്ള റോഡ് നിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കുകയും ബേപ്പൂരിൽ പുതിയ ബെർത്ത് നിർമ്മിക്കുന്നതിനായി 17 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. അഴീക്കലിൽ ഗ്രീൻ ഫീൽഡ് തുറമുഖം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും നിർമ്മാണപ്രവർത്തനത്തിനായി 4 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കൊല്ലം തുറമുഖത്തെ സാഗർമാല പദ്ധതിയിലുൾപ്പെടുത്തി മൾട്ടി പർപ്പസ് ബെർത്ത് പണികഴിപ്പിക്കുകയും കപ്പൽ എത്തുന്നതിനാവശ്യമായ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലത്ത് സ്റ്റാന്റ് ബൈ ക്രെയിനുകൾ വാങ്ങുന്നതിനായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചെയ്ഞ്ചിംഗ് നടത്തുന്നതിനുള്ള അനുമതി

പുനഃസ്ഥാപിക്കുകയും അടിസ്ഥാന സൗകര്യമേർപ്പെടുത്തുന്നതിന് 12 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പൊന്നാനിയിൽ മൾട്ടി പർപ്പസ് ബെർത്ത് നിർമ്മിക്കുന്നതിനായി 2.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൊല്ലം-അഴീക്കൽ-ബേപ്പൂർ തുറമുഖങ്ങളെ കൊച്ചി തുറമുഖവുമായി ബന്ധിപ്പിച്ച് തീരദേശ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനായി കേരള മാരിടൈം ബോർഡിനെ ചുമതലപ്പെടുത്തുകയും 2 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. നീണ്ടകരയിലും കൊടുങ്ങല്ലൂരിലും മാരിടൈം സാറ്റലൈറ്റ് സെന്റർ ആരംഭിക്കുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് റോ റോ സർവ്വീസ് ആരംഭിക്കുന്നതിനും കന്യാകുമാരി-കൊല്ലം, ബേപ്പൂർ-പൊന്നാനി പാസഞ്ചർ ബോട്ട് സർവ്വീസ് ആരംഭിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്. തീരദേശ കയറ്റിറക്ക് കൂലി ഏകീകരിക്കുന്നതിനും മാരിടൈം വാണിജ്യത്തിന് യോജിച്ച രീതിയിൽ പോർട്ട് ചാർജ്ജ് പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കും. തുറമുഖ വകുപ്പിന്റെ ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പര്‍ ധനാഭ്യര്‍ത്ഥനയും തുറമുഖങ്ങള്‍ എന്ന XL-ാം നമ്പര്‍ ധനാഭ്യര്‍ത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പര്‍ ധനാഭ്യര്‍ത്ഥനയും ശബ്ദവോട്ടോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ ഉച്ചയ്ക്കുശേഷം 1.29 -ന് പിരിഞ്ഞു.)

*********